ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ, മാൽദീവിസ് സന്ദർശനം ഇന്ന് ആരംഭിക്കും. യു.കെ സന്ദർശനത്തിനായി ഇന്ന് ലണ്ടനിലെത്തും.

   **Prime Minister Narendra Modi to embark on two-nation tour to United Kingdom and Maldives today.**

2. ഇന്ത്യൻ വ്യോമാതിർത്തിയിൽ പാകിസ്ഥാൻ വിമാനങ്ങൾ പ്രവേശിക്കുന്നതിനുള്ള വിലക്ക് അടുത്തമാസം 23 വരെ നീട്ടി.

   **India has extended the ban on Pakistani aircraft from entering the domestic airspace till August 23.**

3. അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട നൽകാൻ കേരളം. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ഇന്ന് ആലപ്പുഴയിൽ.

   **Kerala to bid farewell to former Chief Minister and veteran Communist leader V.S. Achuthanandan. The funeral will be held with official honours today in Alappuzha.**

**4. ഇന്ന് ദേശീയ പ്രക്ഷേപണ ദിനം.**

**National Broadcasting Day is being celebrated today**

**5. കേരളത്തിൽ ശക്തമായ മഴ മുന്നറിയിപ്പ്. എട്ടു ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rain alert in Kerala. Yellow alert in eight districts today and tomorrow. Fishing ban in Kerala, Karnataka, and Lakshadweep coastal areas until the day after tomorrow.**

**6. ഇംഗ്ലണ്ടിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ.**

**India clinched the women's ODI cricket series against England.**

**&&&&&&&&&&&&&&&&&&**

**PM- LONDON-INTRO**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ, മാൽദീവിസ് സന്ദർശനം ഇന്ന് ആരംഭിക്കും. യു.കെ സന്ദർശനത്തിനായി അദ്ദേഹം ഇന്ന് ലണ്ടനിലെത്തും. ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് ഇന്ത്യൻ ഹൈക്കമ്മീഷണർ വിക്രം കുമാർ ദൊരൈ സ്വാമി പറഞ്ഞു.

(വോയിസ്)

ചാൾസ് മൂന്നാൻ രാജാവുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. യു കെ സന്ദർശനത്തിനു ശേഷം പ്രധാനമന്ത്രി മാലദ്വീൽ എത്തും.

&&&&&&&&&&&&&&&&&&

**MEA DHAKA**

ബംഗ്ലാദേശ് വിമാനാപകടത്തിൽ പൊള്ളലേറ്റവരെ ചികിത്സിക്കുന്നതിനായി വിദഗ്ദ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും സംഘം ഉടൻ തന്നെ ധാക്കയിലെത്തുമെന്ന് വിദേശകാര്യ മന്ത്രാലയം. ധാക്ക വിമാനാപകടത്തിൽ അനുശോചനം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാവിധ പിന്തുണയും സഹായവും ഉറപ്പുനൽകി. ആവശ്യമെങ്കിൽ കൂടുതൽ മെഡിക്കൽ സംഘത്തെ അയക്കുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**INDIA AIRSPACE-PAK**

പാകിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് അടുത്തമാസം 23 വരെ നീട്ടിയതായി കേന്ദ്ര വ്യോമയാന സഹമന്ത്രി മുരളീധർ മൊഹോൾ. നിലവിലുള്ള സുരക്ഷാ പ്രോട്ടോക്കോളുകൾക്ക്

അനുസൃതമാണ് തീരുമാനമെന്ന് മന്ത്രാലയം വ്യകത്മാക്കി . ഇന്ത്യൻ വിമാനങ്ങൾ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നത് അടുത്തമാസം 24 വരെ പാകിസ്ഥാൻ നീട്ടിയ

സാഹചര്യത്തിലാണ് തീരുമാനം .

&&&&&&&&&&&&&&&&&&

**APACHE HELICOPTERS**

രാജ്യത്തിൻറെ സായുധ സേനക്ക് കരുത്തേകി അമേരിക്കയിൽ നിന്നുള്ള അപ്പാച്ചെ ഹെലികോപ്റ്ററുകളുടെ ആദ്യ ബാച്ച് ഇന്ത്യയിലെത്തി. പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ്

അപ്പാച്ചെ ഹെലികോപ്റേറ്ററുകളുടെ വരവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. സായുധ സേനയെ ആധുനികവൽക്കരിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന അഭിമാനകരമായ നിമിഷമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**BROADCASTING DAY–INTRO**

ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. 1923 ജൂണിൽ റേഡിയോ ക്ലബ് ഓഫ് ബോംബെയുടെ പ്രക്ഷേപണത്തോടെയാണ് ഇന്ത്യയുടെ പ്രക്ഷേപണ യാത്ര ആരംഭിച്ചത്.

***ഒരു റിപ്പോർട്ട്........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**BROADCASTING DAY-VOICE**

1927 ജൂലൈ 23 ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി സ്ഥാപിതമായി. ഈ ദിനമാണ് ദേശീയ പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്. 1930-ൽ ബ്രിട്ടീഷ് സർക്കാർ റേഡിയോ പ്രക്ഷേപണം ഏറ്റെടുക്കുകയും ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. 1936 ജൂൺ 8 ന് ഓൾ ഇന്ത്യ റേഡിയോ ആയി മാറി. പിന്നീട് 1956-ൽ ആകാശവാണി ആയി. ഓൾ ഇന്ത്യ റേഡിയോയ്ക്ക് ആകാശവാണി എന്ന പേര് നിർദേശിച്ചത് രബീന്ദ്ര നാഥ് ടാഗോറായിരുന്നു. ഇന്ത്യയുടെ വികസനയാത്രയിൽ പ്രക്ഷേപണം രംഗം വഹിച്ച പങ്ക് നിർണായകമാണ്. സ്വാതന്ത്ര്യാനന്തരം, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ സാക്ഷരത, ആരോഗ്യ അവബോധം, കാർഷിക പരിജ്ഞാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ റേഡിയോ പ്രധാന പങ്ക് വഹിച്ചു. നവമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിലും പൊതു സേവന പ്രക്ഷേപണത്തിന്റെ

തത്വങ്ങൾ ഉൾക്കൊണ്ട് ആകാശവാണി ശ്രോതാക്കൾക്കൊപ്പം യാത്ര തുടരുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി.

&&&&&&&&&&&&&&&&&&

**PRASARBHARATHY CHAIRMAN-INTRO**

ഡിജിറ്റൽ യുഗത്തിലും വൈവിധ്യമാർന്ന പരിപാടികൾ പ്രക്ഷേപണം ചെയ്യുന്ന ആകാശവാണിക്ക് ഇന്നും ജനഹൃദയങ്ങളിൽ പ്രത്യേക സ്ഥാനമുണ്ടെന്ന് പ്രസാർഭാരതി ചെയർമാൻ നവനീത് സെഗാൾ നൽകിയ ദേശീയ പ്രക്ഷേപണദിന സന്ദേശത്തിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**UP CABINET**

വനിതാ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിന് സുപ്രധാന തീരുമാനം കൈക്കൊണ്ട് ഉത്തർപ്രദേശ്. വനിതകളുടെ പേരിൽ വാങ്ങുന്ന ഒരു കോടി രൂപ വരെ വിലമതിക്കുന്ന വസ്തു വകകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഒരു ശതമാനം ഇളവു നല്കി. നിലവിൽ 10 ലക്ഷം രൂപ വിലമതിക്കുന്ന വസ്തുവകകൾക്കാണ് ഈ ആനുകൂല്യം നല്കിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## SICKLE CELL

ദേശീയ സിക്കിൾ സെൽ ദൗത്യത്തിന് കീഴിൽ രാജ്യത്തെ 6 കോടി ജനങ്ങളിൽ അരിവാൾ രോഗ നിർണയ പരിശോധന നടത്തിയതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. 2 ലക്ഷത്തി 15,000 പേർക്ക് രോഗം സ്ഥിരികരിച്ചു. 16 ലക്ഷത്തിലധികം രോഗവാഹകരേയും തിരിച്ചറിഞ്ഞിട്ടുണ്ട്. മധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, തെലങ്കാന, കർണാടക, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ പരിശോധനകൾ നടന്നത്. 2023 ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ സിക്കിൾ സെൽ അനീമിയ നിവാരണ ദൗത്യത്തിന് തുടക്കം കുറിച്ചത്.

&&&&&&&&&&&&&&&&&&

## V S ACHUTHANANDAN

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട നൽകാൻ കേരളം. ആലപ്പുഴയിലേക്കുള്ള വിലാപയാത്ര ഇപ്പോൾ കായംകുളത്തേക്ക് നീങ്ങുകയാണ്. പ്രിയനേതാവിന് അന്ത്യാഭിവാദ്യം അർപ്പിക്കാനായി നിരവധി പേരാണ് വഴിയരികിൽ കാത്തു നിൽക്കുന്നത്. വിഎസിൻറെ സംസ്കാരം ഇന്ന് ആലപ്പുഴ വലിയ ചുടുകാട്ടിൽ നടക്കും. വൈകിട്ട് 4 മണിക്ക് ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. ആലപ്പുഴ സിപിഐഎം ജില്ലാ കമ്മിറ്റി ഓഫീസിലും തുടർന്ന് ടൗൺ ഹാളിലും ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ മൈതാനത്തും

പൊതുദർശനമുണ്ടാകും. ആലപ്പുഴ ജില്ലയിലെ സർക്കാർ ഓഫീസുകൾക്കും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചു. കേരള സർവകലാശാലയും പി.എസ്.സിയും ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചു.

&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിൽ ശക്തമായ മഴക്ക് സാധ്യത. എട്ടു ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകി. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മറ്റെന്നാൾ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## VOTERS LIST KERALA

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക സംസ്ഥാനത്ത് ഇന്ന് പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30-ന് പ്രസിദ്ധീകരിക്കുമെന്നും

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

ആഗസ്റ്റ് 7 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും.

&&&&&&&&&&&&&&&&&&

**KARKKADAKA VAVU**

കേരളത്തിൽ കർക്കടകവാവ് നാളെ. ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിൽ. നാളെ പുലർച്ചെ 2.30 മുതൽ മറ്റെന്നാൾ പുലർച്ചെ 12.42 വരെയാണ് ബലിതർപ്പണ ചടങ്ങുകൾ. സംസ്ഥാനത്തെ പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ തയ്യാറെടുപ്പുകൾ ഏറെകുറെ പൂർത്തിയായി.

&&&&&&&&&&&&&&&&&&

**WOMEN CRICKET**

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. ഇംഗ്ലണ്ടിനെ 13 റൺസിന് പരാജയപ്പെടുത്തി മൂന്ന് മത്സരങ്ങളുള്ള പരമ്പര 2-1 ന് സ്വന്തമാക്കി. ചെസ്റ്റർ-ലെ-സ്ട്രീറ്റിൽ നടന്ന മത്സരത്തിൽ ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 5 വിക്കറ്റ് നഷ്ടത്തിൽ 318 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 49.5 ഓവറിൽ 305 റണ്ണിന് എല്ലാവരും

പുറത്തായി. ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻപ്രീത് ആണ് പ്ലയെർ ഓഫ് ദി മാച്ചും പ്ലെയർ ഓഫ് ദി സീരീസും.

&&&&&&&&&&&&&&&&&&

## INDIA-ENGLAND-TEST

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ ആരംഭിക്കും. ഓൾഡ് ട്രാഫോർഡിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി ***'മൻ കീ ബാത്'*** ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും മറ്റെന്നാൾ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## WAVES OTT -PRASAR BHARATI CEO

WAVES OTT പ്ലാറ്റ്ഫോമിന് മികച്ച സ്വീകാര്യതയാണ് ലഭിച്ചതെന്ന് പ്രസാർ ഭാരതി സി ഇ ഒ ഗൗരവ് ദ്വിവേദി. കംബോഡിയയിൽ 20-ാമത് ഏഷ്യ മീഡിയ ഉച്ചകോടിയിൽ,പങ്കെടുക്കുകയായിരുന്നു

അദ്ദേഹം. വ്യക്തിഗത പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിനുപകരം ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് പൊതു സേവന പ്രക്ഷേപക മേഖലക്ക് ഗുണകരമെന്ന്

ശ്രീ.ഗൗരവ് ദ്വിവേദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## BIHAR- ELECTION COMMISSION

ബിഹാറിൽ ഏഴ് കോടി 68 ലക്ഷത്തിലധികം വോട്ടർമാരെ പ്രത്യേക വോട്ടർ പട്ടിക പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയാതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അടുത്ത മാസം ഒന്നിന് പ്രസിദ്ധീകരിക്കുന്ന കരട് വോട്ടർ പട്ടികയിൽ യോഗ്യരായ എല്ലാ വോട്ടർമാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കും. ഇതിനായുള്ള ശ്രമങ്ങൾ ഊർജിതമാക്കിയിട്ടുണ്ടെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAJYA SABHA- PANKAJ CHAUDHARY

കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലായി പൊതുമേഖലാ ബാങ്കുകളുടെ മൊത്ത നിഷ്ക്രിയ ആസ്തിയിൽ 6.5 ശതമാനത്തിലധികം ഗണ്യമായ കുറവുണ്ടായി. രാജ്യസഭയിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി രേഖാമൂലം നൽകിയ മറുപടിയിലാണ് ഈ കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&